# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2064 — 05.12.2018- ൽ മറുപടിയ്ക്ക്

## ലോക കേരളസഭ

| | ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| എ) | ലോക കേരളസഭയ്ക്ക് പ്രത്യേക സെക്രട്ടേറിയറ്റ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ടോ; | എ) | 31.07.2018 തീയതിയിലെ സ.ഉ.(കൈ) നം. 02/2018/നോർക്ക സർക്കാർ ഉത്തരവ് പ്രകാരം ലോകകേരള സഭയ്ക്ക് ഒരു പ്രത്യേക സെക്രട്ടേറിയറ്റ് രൂപീകരിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ പ്രസ്തുത സെക്രട്ടേറിയറ്റിന്റെ ചുമതലകൾ എന്തൊക്കെയാണ്; | ബി) | ലോകകേരള സഭയുടെ സംഘാടനം, ഏഴ് വിഷയ മേഖല കമ്മിറ്റികൾ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ സമഗ്രമായി പരിശോധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുക, എൻ.ആർ.ഐ. കലോത്സവങ്ങളുടെ സംഘാടനം, ലോകകേരള സഭയോട് അനുബന്ധിച്ചും അല്ലാതെയുമുള്ള കലാ സാംസ്കാരികോത്സവങ്ങളുടെ സംഘാടനം, ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളിൽ ഇടപെടുകയും പരിഹാരം കാണുകയും ചെയ്യുക എന്നിവയാണ് ലോകകേരള സഭാ സെക്രട്ടേറിയറ്റിന്റെ ചുമതലകൾ. |
| സി) | പ്രസ്തുത സെക്രട്ടേറിയറ്റിന്റെ പ്രവർത്തനത്തിനായി അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | സി) | ലോകകേരള സഭാ സെക്രട്ടേറിയറ്റിനായി നിലവിൽ സ്ഥിരം തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല. സെക്രട്ടേറിയറ്റിന്റെ സുഗമമായ പ്രവർത്തനത്തിനായി കരാറടിസ്ഥാനത്തിൽ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. |
| ഡി) | ഒന്നാം ലോക കേരളസഭയുടെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ? | ഡി) | ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞുവന്ന തീരുമാനങ്ങളിൽ മുഖ്യമായത് ലോക കേരള സഭ സെക്രട്ടേറിയേറ്റ് രൂപീകരിക്കുക, ഏഴ് വിഷയ മേഖല സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കുക എന്നിവയാണ്.<br>പ്രഥമ ലോക കേരള സഭയുടെ തീരുമാനങ്ങൾ പ്രാവർത്തികമാക്കുവാൻ വേണ്ടി |

| | | | |
|---|---|---|---|
| | | | 23.04.2018 തീയതിയിലെ സ.ഉ.(സാധാ) നം. 290/2018/നോർക്ക സർക്കാർ ഉത്തരവ് പ്രകാരം ഏഴ് വിഷയ മേഖല സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. അതത് കമ്മിറ്റികൾ യോഗം ചേരുകയും ശുപാർശകൾ സമർപ്പിക്കുകയും ചെയ്തു. ഏഴ് വിഷയ മേഖല സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർമാൻമാരുടെ രണ്ട് യോഗങ്ങൾ 28.06.2018, 30.09.2018 എന്നീ തീയതികളിലായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി.ടി സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ സമർപ്പിക്കുന്ന ശുപാർശകൾ നടപ്പിലാക്കുന്നതിനും മറ്റ് അനുബന്ധ വിഷയങ്ങൾക്കുമായി 31.07.2018-ലെ സ.ഉ.(കൈ) നം. 02/2018/നോർക്ക സർക്കാർ ഉത്തരവ് പ്രകാരം ലോക കേരള സഭാ സെക്രട്ടേറിയറ്റ് രൂപീകരിച്ചു. പ്രസ്തുത സെക്രട്ടേറിയറ്റിന്റെ ആദ്യ യോഗം 30.09.2018 തീയതിയിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും പ്രായോഗിക ക്ഷമത, ഫണ്ട് ലഭ്യത എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി ഏഴ് വിഷയ മേഖല സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശുപാർശകൾ പരിശോധിച്ച് അവശ്യം നടപ്പിലാക്കേണ്ട പദ്ധതികൾ തീരുമാനിക്കുവാൻ നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സ്ക്രൂട്ടിനി കമ്മിറ്റി രൂപീകരിച്ച് അടുത്ത യോഗത്തിൽ സമർപ്പിക്കുവാൻ തീരുമാനം എടുത്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഏഴ് വിഷയ മേഖല സ്റ്റാന്റിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശുപാർശയിന്മേൽ നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 15.11.2018 തീയതിയിൽ ഒരു അവലോകനം നടത്തി, ശുപാർശകളുടെ പ്രായോഗിക വശം പരിശോധിച്ച് മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കുന്നതിനുള്ള കാര്യങ്ങൾ ആലോചിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ